ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)1958-ലെ കെ.പി.സി.ഐ.പി. ആന്റ് അപ്പീൽ റൂൾസ് പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി)&(ഡി) പോലീസ് സൂപ്രണ്ടിന്റെ നിർദ്ദേശത്തിനു വിപരീതമായി പോലീസ് ഡി.ജി.പി. ഓഫീസിൽ കയറി എന്നു പറയുന്നത് ശരിയല്ല. സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവ് അനുസരിച്ചാണ് അക്രമ സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി പോലീസ് ഡി.ബി.സി. ഓഫീസ് വളപ്പിൽ കയറി ലാത്തിചാർജ്ജ് നടത്തിയത്. ഈ സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്. കൂടാതെ ഡി.ബി.സി. ഓഫീസിൽ കയറി നാശനഷ്ടങ്ങൾ വരുത്തിയതായും പ്രവർത്തകരെ ദേഹോപദ്രവം ഏൽപ്പിച്ചതായും ആരോപിച്ചുകൊണ്ട് കൊല്ലം ഡി.സി.സി. പ്രസിഡന്റിൽ നിന്നും ലഭിച്ച പരാതിയിൻമേൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 120/2000 നമ്പറായി ഐ.പി.സി. 447,324,427, 34 സെക്ഷനുകൾ പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തു കൊല്ലം നാർക്കോട്ടിക്ക് സെൽ ഡി.വൈ.എസി.പി. അന്വേഷണം നടത്തിവരുന്നു.

പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ തസ്തികകൾ

76(817) ശ്രീ. എളമരം കരിം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിൽ പോലീസുകാരുടെ വർദ്ധന വിനനുപാതികമായി മിനിസ്റ്റീരിയൽ തസ്തികകൾ കുറവാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പരാതി പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) പോലീസ് സേനാംഗങ്ങളുടെ വർദ്ധനവിന് ആനുപാതികമായി അവശ്യം വേണ്ട മിനിസ്റ്റീരിയൽ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന നിർദ്ദേശം പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

ഐ.പി.എസ്. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

77(818) ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ ഉള്ള ആളുകൾക്ക് ഐ.പി.എസ്. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും ചട്ടങ്ങളോ സർക്കുലറുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബിരുദധാരികൾ അല്ലാതെ ആർക്കെങ്കിലും ഐ.പി.എസ്. നൽകുന്നതിന് ശുപാർശ ചെയ്തിട്ടിണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണ്;

(ഡി) ആഭ്യന്തര വകുപ്പു മന്ത്രിയുടെ അംഗീകാരത്തോടു കൂടിയാണോ ശുപാർശ ചെയ്യാറുള്ളത്; അല്ലെങ്കിൽ നിലവിൽ സംസ്ഥാന സർക്കാരിന്റെ ഏതു അധികാരസ്ഥനാണ് ഇത് അന്തിമമായി അംഗീകരിച്ച് ശുപാർശ ചെയ്യുന്നത്?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിൽ ഡിവൈ.എസ്.പി. തത്തുല്യ തസ്തികളിൽ 8 കൊല്ലത്തിൽ കുറയാത്ത സർവീസുള്ളവരും നിയമത്തിനു പരിഗണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതി 54 വയസ്സു പൂർത്തിയായിട്ടില്ലാത്തതുമായ സ്ഥിര നിയമനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരെയാണ് ഐ.പി.എസ്. നൽകുന്നതിനു പരിഗണിക്കുന്നത്.

(ബി) കേന്ദ്രസർക്കാർ ആവിഷ്കരിച്ചിരിക്കുന്ന 1955 ലെ ഐ.പി.എസ്. (അപ്പോയിന്റ്മെന്റ് ബൈ പ്രൊമോഷൻ) റഗുലേഷൻസ് എന്ന ചട്ടപ്രകാരമാണ് നിയമനം നടത്തുന്നത്. ഈ ചട്ടങ്ങളുടെ പ്രസക്തഭാഗം അനുബന്ധം 1 ആയി വച്ചിട്ടുണ്ട്.†

(സി) പ്രൊമോഷൻ വഴി ഐ.പി.എസ്. നൽകുന്നതിന് ബിരുദം അനിവാര്യമല്ലാത്തതിനാൽ ഇതേ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

(ഡി) മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെയാണ് ശുപാർശ ചെയ്യുന്നത്.

പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗ്

78(819) ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗ് കാലം സർവ്വീസായി പരിഗണിക്കണമെന്ന് കേരള ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(സി) കോടതി നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സർവീസായി പരിഗണിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഇ) നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ട്രെയിനിംഗ് കാലം കൂടി സർവ്വീസായി പരിഗണിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.കെ.കെ. ലക്ഷ്മണൻ ബഹു:കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 7718/87-ാം നമ്പർ ഒ.പി. 1.1.91-ൽ കോടതി തള്ളിയതിനെ തുടർന്ന് ശ്രീ.ലക്ഷ്മണൻ ബഹുമാനപ്പെട്ട ഡിവിഷൻ ബഞ്ച് മുൻപാകെ ഫയൽ ചെയ്ത 757/91-ാം നമ്പറിട്ട് അപ്പീൽ 5.12.94-ലെ ജഡ്ജമെന്റ് പ്രകാരം ശ്രീ.ലക്ഷ്മണന്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly